വിശകലനം

എ.ആർ




# പുതിയ പാർലമെന്റ് പുതിയ സർക്കാർ ഭാവി ഇന്ത്യ

പണച്ചാക്കുകൾക്ക് ആധിപത്യമുള്ള ഒരു പാർലമെന്റും മന്ത്രിസഭയും ഇന്ത്യയെ ഏതുതരം സോഷ്യലിസത്തിലേക്കാണ് നയിക്കുക എന്ന് ചിന്തിച്ചു തല പുണ്ണാക്കേണ്ടതില്ല. തങ്ങളെ സഭയിലെത്തിക്കാൻ പണം മുടക്കിയ കോർപറേറ്റുകളുടെ വിനീത ദാസർ മുച്ചൂടും മുതലാളിത്ത താൽപര്യങ്ങളും തദ്വാരാ സാമ്രാജ്യത്വ അജണ്ടയും പരിരക്ഷിക്കാൻ സാധ്യമായതൊക്കെ ചെയ്തില്ലെങ്കിലാണ് അത്ഭുതം.

**ലോകത്തേറ്റവും** വലിയ ജനാധിപത്യ രാജ്യത്തെ 71 കോടി സമ്മതിദായകരിൽ 60 ശതമാനം പോളിംഗ് ബൂത്തിലെത്തിയ പതിനഞ്ചാം ലോക്സഭാ തെരഞ്ഞെടുപ്പിന്റെ ഫലങ്ങൾ അന്തിമമായി പുറത്തുവന്നപ്പോൾ ആശ്വസിക്കാൻ വകയുള്ളത് രണ്ട് കാര്യങ്ങളിൽ. പ്രവചിക്കപ്പെട്ട തൂക്ക് സഭക്ക് പകരം കോൺഗ്രസ് നയിക്കുന്ന യു.പി.എ സാമാന്യം ഭേദപ്പെട്ട ഭൂരിപക്ഷം ഉറപ്പാക്കി അധികാരത്തിൽ രണ്ടാമൂഴം തരപ്പെടുത്തിയത് സ്ഥിരതക്ക് വഴിയൊരുക്കും എന്നതാണൊന്ന്. സംഘ്പരിവാർ തീവ്രതയുടെ മുഖമായ എൽ.കെ അദ്വാനിയുടെ പ്രധാനമന്ത്രി മോഹത്തിന് പൂർണ വിരാമമിട്ടുകൊണ്ട് ബി.ജെ.പിയുടെ സീറ്റെണ്ണം 138-ൽനിന്ന് 116 ആയും വോട്ട് ശതമാനം 21-ൽനിന്ന് 18 ആയും കുറഞ്ഞ് ഫാഷിസത്തിന്റെ തിരിച്ചുവരവ് തടയിടപ്പെട്ടതാണ് രണ്ടാമത്തേത്. പ്രാദേശിക കക്ഷികളുടെ പരിധിവിട്ട വിലപേശലുകൾക്കും അവകാശവാദങ്ങൾക്കും വഴങ്ങാതെ ദേശീയ കാഴ്ചപ്പാടോടെ സന്തുലിത തീരുമാനങ്ങളെടുത്തു മുന്നോട്ടു പോവാൻ കോൺഗ്രസിന് തടസ്സങ്ങളില്ല. യു.പിയിലെ മുലായംസിംഗ് യാദവി

ന്റെയോ ബീഹാറിലെ ലാലുപ്രസാദ് യാദവിന്റെയോ രാംവിലാസ് പസ്വാന്റെയോ ശാഠ്യങ്ങൾക്ക് മുമ്പിൽ പതറാതെ പ്രഖ്യാപിത അജണ്ട നടപ്പാക്കാം. പുറമെനിന്ന് പിന്തുണച്ച ഇടതുപക്ഷവും ഇനി മൻമോഹൻ സിംഗിന്റെ വഴി മുടക്കില്ല. 2004ലെതിനേക്കാൾ സീറ്റുകൾ പകുതിയിൽ താഴെ പോയ ഇടതുമുന്നണി പുതിയ സഭയിൽ നിർണായക ശക്തിയേ അല്ലാതായി എന്നതാണവസ്ഥ. 63-ൽനിന്ന് 24ലേക്കുള്ള ഇടതിന്റെ പതനം അഭൂതപൂർവമാണ് എന്നുതന്നെ പറയണം. ഒരു വീണ്ടെടുപ്പ് സാധ്യമാണോ എന്നു പോലും ഉറപ്പിക്കാൻ വയ്യ. പരമ്പരാഗത കോട്ടകളായ പശ്ചിമ ബംഗാളിലും കേരളത്തിലും കമ്യൂണിസ്റ്റ് പാർട്ടികൾ തറപറ്റിയതോടൊപ്പം പശുബെൽറ്റിൽ ഒരിടത്തും ജീവന്റെ തുടിപ്പുകൾ പ്രകടമായില്ലെന്നതാണ് ഭാവി ചോദ്യചിഹ്നമാക്കുന്നത്.

മൻമോഹൻ സിംഗിനെ മുമ്പിൽ നിർത്തി കടുത്ത അമേരിക്കൻ അനുകൂല- ഇസ്രയേൽ ബാന്ധവ നിലപാടുകളോടെ കോൺഗ്രസ് പൂർവാധികം കരുത്തോടെയും ആത്മവിശ്വാസത്തോടെയും അധികാരമുറപ്പിച്ചിരിക്കെ ഇന്ത്യ എങ്ങോട്ട് എന്ന അന്വേഷണം നിശ്ചയമായും പ്രസക്തമാവുന്നു. നിലനിൽപിന് ഇടതുപക്ഷത്തിന്റെ പിന്തുണ ആശ്രയിക്കേണ്ടിവന്ന നാലര വർഷത്തെ 'നഷ്ടങ്ങൾ' വിശ്വാസവോട്ടിനു ശേഷം ഇടത്‌രഹിതമായി ലഭിച്ച മൂന്നു മാസത്തിനകം നികത്തിയ മൻമോഹൻ സർക്കാർ പുതുതായി കൈവന്ന സുവർണാവസരം എങ്ങനെ ഉപയോഗിക്കും എന്ന് ആശങ്കയോടെ കാത്തിരുന്നു കാണേണ്ടിവരും. സാമ്രാജ്യത്വ-സയണിസ്റ്റ് കൂട്ടുകെട്ടും നവമുതലാളിത്ത സാമ്പത്തിക അജണ്ടയും കൂടുതൽ ശക്തമായി തുടരണമെന്ന് യു.പി.എ സർക്കാർ ആഗ്രഹിച്ചാൽ പ്രത്യക്ഷത്തിൽ തടയിടാനാരുമില്ല. ഇടതുപക്ഷം ആഭ്യന്തര വൈരുധ്യങ്ങളും പാളിച്ചകളും മൂലം തീർത്തും ദുർബലമായിക്കഴിഞ്ഞു. മൂന്നാം മുന്നണി സ്വതേ വെറും സങ്കൽപമായിരുന്നതോടൊപ്പം അതിന് മുൻകൈയെടുത്ത ജനതാദൾ സെക്യുലർ യു.പി.എയോടൊപ്പം നിൽക്കുകയും ടി.ആർ.എസും ടി.ഡി.പിയും കനത്ത പരാജയം ഏറ്റുവാങ്ങുകയും ജയലളിതക്ക് തിരിച്ചടി നേരിടുകയും ചെയ്ത സാഹചര്യത്തിൽ നീർകുമിളകളായി മാറി. എൻ.ഡി.എയുടെ മുഖ്യ ഘടകമായ ബി.ജെ.പി മുമ്പേ യു.പി.എയുടെ വലതുപക്ഷ നയങ്ങൾക്കെതിരല്ലെന്ന് മാത്രമല്ല കൂടുതൽ വലത്തോട്ട് ചായാത്തതിലായിരുന്നു പ്രതിഷേധം. പതിനായിരം കോടി രൂപ ഒഴുകിയ പൊതുതെരഞ്ഞെടുപ്പിൽ ജയിച്ചുകയറിയവരിൽ 300 പേരെങ്കിലും സ്വയം പ്രഖ്യാപിത കണക്കുകൾ പ്രകാരം തന്നെ മഹാകോടീശ്വരന്മാരാണ്. അവരിൽ 137 പേരും കോൺഗ്രസ്സുകാരുമാണ്. ഒന്നാം ഘട്ടത്തിൽ സത്യപ്രതിജ്ഞ ചെയ്ത 20 ക്യാബിനറ്റംഗങ്ങളിൽ അഞ്ചു പേർ ബില്യനയർമാരാണെങ്കിൽ നാലു പേരൊഴിച്ചു ബാക്കിയുള്ളവരത്രയും കോടിക്കു മേൽ ആസ്തിയുള്ളവരാണ്. അതുതന്നെ ഭാര്യയുടെയോ മക്കളുടെയോ ആസ്തികൾ ചേരാത്ത കണക്കുമാണ്. സ്വാഭാവികമായും പണച്ചാക്കുകൾക്ക് ആധിപത്യമുള്ള ഒരു പാർലമെന്റും മന്ത്രിസഭയും ഇന്ത്യയെ ഏതുതരം സോഷ്യലിസത്തിലേക്കാണ് നയിക്കുക എന്ന് ചിന്തിച്ചു തലപുണ്ണാക്കേണ്ടതില്ല. തങ്ങളെ സഭയിലെത്തിക്കാൻ പണം മുടക്കിയ കോർപറേറ്റുകളുടെ വിനീത ദാസർ മുച്ചൂടും മുതലാളിത്ത താൽപര്യങ്ങളും തദ്വാരാ സാമ്രാജ്യത്വ അജണ്ടയും പരിരക്ഷിക്കാൻ സാധ്യമായതൊക്കെ ചെയ്തില്ലെങ്കിലാണ് അത്ഭുതം. എല്ലാറ്റിനും മീതെ വ്യക്തിപരമായി കറപുരളാത്ത മൻമോഹൻ സിംഗും എ.കെ ആന്റണിയും നോക്കുകുത്തികളായി ഇരിപ്പുറപ്പിക്കുകയും ചെയ്യും. അവർക്ക് പറഞ്ഞുനിൽക്കാനും പിടിച്ചുനിൽക്കാനുമായി ബി.പി.എല്ലുകാർക്ക് മൂന്ന് രൂപക്ക് ധാന്യം ലഭിക്കും. മമത ബാനർജി രണ്ടാം ക്ലാസ് തീവണ്ടി യാത്രാകൂലി കുറക്കും. കാർഷിക കടാശ്വാസമെന്ന പേരിൽ ബാങ്കുകളിൽനിന്ന് വായ്പ എടുത്ത് തിരിച്ചടക്കാത്തവരെ ഋണമുക്തരാക്കും. അവർ വീണ്ടും വായ്പകളെടുത്ത് തുലയും. വികസനത്തിന്റെ പേരിലും മറവിലും പതിനായിരങ്ങളെ ഭൂരഹിതരാക്കി വൻ പാരിസ്ഥിതിക പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുന്ന പദ്ധതികൾ നടപ്പാക്കും. ജീവിതശൈലി മാറിയ മധ്യവർഗവും മാധ്യമങ്ങളും എല്ലാം കൈയടിച്ചു പ്രോത്സാഹിപ്പിക്കും. വികസനത്തിന്റെ ഇരകളും പ്രാന്തവത്കൃത ജനവിഭാഗങ്ങളും സ്ലംഡോഗുകളായി തുടരും. അസൂയയും നൈരാശ്യവും മൂർഛിച്ച ഹിന്ദുവലതുപക്ഷം തീവ്രവാദ ഭീഷണിയിന്മേൽ കയറിപ്പിടിച്ച് ന്യൂനപക്ഷ വേട്ട ഊർജിതമാക്കാൻ മുറവിളികൂട്ടുമ്പോൾ ഇന്റലിജൻസിന്റെയും സുരക്ഷാ സേനയുടെയും സഹകരണത്തോടെ മൃദുഹിന്ദുത്വനയങ്ങൾ നടപ്പാക്കും. എന്നാൽ ആസിഫ് സർദാരിയുടെ പാകിസ്താൻ ബറാക് ഒബാമയുടെ പൂർണ പിന്തുണയോടെ സ്വന്തം ഭൂപ്രദേശത്ത് താലിബാൻ ഭീഷണി ഉന്മൂലനം ചെയ്യുന്നതിൽ വിജയിച്ചാൽ ജമ്മു-കശ്മീരിൽ വെടിയൊച്ച നിലക്കാൻ സാധ്യത ഏറെയാണ്. ഫാറൂഖ് അബ്ദുല്ലയുടെ നാഷനൽ കോൺഫറൻസ് യു.പി.എ ഘടകമായ സാഹചര്യത്തിൽ കശ്മീർ പ്രശ്നം കെട്ടടങ്ങാനുള്ള സാധ്യതകളും നിഷ്പ്രഭമല്ല. ഇങ്ങനെ സംഭവിച്ചാൽ രാജ്യത്ത് മൊത്തം സ്ഫോടന സംഭവങ്ങളും അട്ടിമറികളും കുറയേണ്ടതാണ്. മോഹഭംഗം നേരിട്ട ഹിന്ദുത്വ ഭീകരവാദികൾ മാലേഗാവ് ആവർത്തിക്കാൻ വഴിതേടിയാൽ സമാധാനം അട്ടിമറിക്കപ്പെട്ടുകൂടെന്നും ഇല്ല.

മതന്യൂനപക്ഷങ്ങളെ സംബന്ധിച്ചേടത്തോളം ആശക്കും ആശങ്കക്കും തുല്യസാധ്യതകളാണുള്ളത്. തങ്ങളുടെ കൂടി പിന്തുണയോടെ രണ്ടാംമൂഴം ഉറപ്പാക്കിയ യു.പി.എ സർക്കാർ സച്ചാർ കമ്മിറ്റി റിപ്പോർട്ട് നടപ്പാക്കാൻ പഴയതു പോലെ സംഘ്പരിവാറിനെ ഭയക്കേണ്ടതില്ലെന്നതാണ് പ്രത്യാശക്കിടം നൽകുന്ന ഒരു കാര്യം. ന്യൂനപക്ഷ ക്ഷേമവകുപ്പ് യോഗ്യനായ വ്യക്തിയുടെ കൈകളിൽ വരികയും ആഭ്യന്തരം കൈയാളുന്ന ചിദംബരം മതേതരത്വ പ്രതിഛായ കളഞ്ഞുകുളിക്കാതിരിക്കുകയും ഗുലാംനബി ആസാദ്-സൽമാൻ ഖുർഷിദ് ടീം വെറും ദല്ലാൾ പണിക്കപ്പുറം ക്രിയാത്മകമായി ചിന്തിക്കുകയും ചെയ്താൽ മുസ്‌ലിം ന്യൂനപക്ഷത്തിന്റെ മുഖത്ത് പുഞ്ചിരി വിടരാനാണ് സാധ്യത. മറിച്ച് യു.പിയിലും ബംഗാ

**മതന്യൂനപക്ഷങ്ങളെ സംബന്ധിച്ചേടത്തോളം ആശക്കും ആശങ്കക്കും തുല്യസാധ്യതകളാണുള്ളത്. തങ്ങളുടെ കൂടി പിന്തുണയോടെ രണ്ടാംമൂഴം ഉറപ്പാക്കിയ യു.പി.എ സർക്കാർ സച്ചാർ കമ്മിറ്റി റിപ്പോർട്ട് നടപ്പാക്കാൻ പഴയതു പോലെ സംഘ്പരിവാറിനെ ഭയക്കേണ്ടതില്ലെന്നതാണ് പ്രത്യാശക്കിടം നൽകുന്ന ഒരു കാര്യം.**

ളിലും മറ്റു സംസ്ഥാനങ്ങളിലും തിരിച്ചു പിടിച്ച ന്യൂനപക്ഷ പിന്തുണ ഇനി ഒരു കാരണവശാലും നഷ്ടപ്പെടില്ലെന്ന ആത്മ വിശ്വാസത്തിൽ ബ്യൂറോക്രസിയിലെയും പോലീസിലെയും പ്രതിലോമശക്തികളെ പഴയ കളി തുടരാൻ വിട്ടാൽ ചരിത്രം ആവർത്തിക്കുകയേ ചെയ്യൂ. മുസ്‌ലിം ന്യൂനപക്ഷത്തിന്റെ ശാക്തീകരണത്തിനും അധികാര പങ്കാളിത്തത്തിനും മുമ്പിലെ ഒരു പ്രധാന തടസ്സമായി സച്ചാർ കമ്മിറ്റി ചൂണ്ടിക്കാട്ടിയത്, പാർലമെന്റി ലെയും നിയമസഭകളിലെയും അപര്യാപ്ത പ്രാതിനിധ്യമാണ്. അതിനു ശേഷം നടന്ന ആദ്യത്തെ തെരഞ്ഞെടുപ്പിൽ പക്ഷേ മുസ്‌ലിം എം.പിമാരുടെ എണ്ണം 36ൽനിന്ന് 29 ആയി കുറ യുകയാണ് ചെയ്തത്. മുസ്‌ലിംവോട്ടുബാങ്കിനെ ലക്ഷ്യ മിട്ട് തന്ത്രങ്ങൾ പയറ്റിയ മതേ തര പാർട്ടികൾക്കും രാഷ്ട്രീയ സാധ്യതകൾ പരമാവധി പ്രയോ ജനപ്പെടുത്താനിറങ്ങിയ മുസ്‌ലിം സംഘടനകൾക്കും ഒരുപോലെ ഈ തകർച്ചയിൽ ഉത്തരവാദിത്വമുണ്ട്. ഭിക്ഷാംദേഹികളുടെയും അവസരവാദിക ളുടെയും അരങ്ങേറ്റം മുസ്‌ലിംവോട്ടുകൾ ശിഥിലമാക്കിയപ്പോൾ ചില മണ്ഡലങ്ങ ളിലെങ്കിലും നേട്ടം കൊയ്തത് ഫാഷിസ്റ്റു കൾ തന്നെയാണ്. വിശാലവും തത്ത്വാ ധിഷ്ഠിതവുമായ ഒരേകീകൃത ന്യൂനപക്ഷ രാഷ്ട്രീയ വേദിയുടെ അത്യാവശ്യകതയി ലേക്ക് വിരൽചൂണ്ടുന്നതാണ് 15-ാം ലോക്സഭാ തെരഞ്ഞെടുപ്പു ഫലങ്ങൾ.

പുതിയ സർക്കാറിന്റെയും പാർല മെന്റിന്റെയും പ്രതിഛായയെ കൂടി പരാ മർശിക്കുമ്പോഴേ ചിത്രം പൂർണമാവൂ. മക്കൾ രാഷ്ട്രീയം ഇത്രമേൽ തിമർത്താ ടിയ അനുഭവം മുമ്പുണ്ടായിട്ടില്ലെന്ന് ഒറ്റ നോട്ടത്തിൽ വ്യക്തമാവുന്നു. സോണിയ ഗാന്ധി, മകൻ രാഹുൽ; മനേക ഗാന്ധി, മകൻ വരുൺ; ശരത് പവാർ, മകൾ സുപ്രിയ; ഫാറൂഖ് അബ്ദുല്ല, ജാമാതാവ് സച്ചിൻ പൈലറ്റ് ഇങ്ങനെ നീളുന്ന പട്ടി കയിൽ അഞ്ച് മുഖ്യമന്ത്രിമാരുടെ മക്ക ളുമുണ്ട്. എല്ലാവരെയും കടത്തിവെട്ടിയത് പക്ഷേ കലൈജ്ഞർ കരുണാനിധിയാണ്. അദ്ദേഹത്തിന്റെ ബഹുഭാര്യാത്വത്തിന് വരെ രാജ്യം കനത്ത വില നൽകേണ്ടിവ ന്നതാണ് കഴിഞ്ഞ ദിവസങ്ങളിൽ ദേശീയ രാഷ്ട്രീയത്തിലെ പ്രധാന ചർച്ചാ വിഷ യം. മകൻ എം.കെ സ്റ്റാലിന് പിതാവിന്റെ സിംഹാസനത്തിൽ സ്വസ്ഥനായിരിക്കാൻ മറ്റൊരു മകനും ഗുണ്ടാ രാഷ്ട്രീയത്തി ലൂടെ കുപ്രസിദ്ധനുമായ അളഗിരിയെ പാർലമെന്റിൽ അയച്ചാൽ മാത്രം പോര, ക്യാബിനറ്റ് റാങ്കിൽ മന്ത്രിയാക്കുക കൂടി വേണം. കുടുംബകലഹം തീർക്കാൻ ചെറുമകൻ ദയാനിധി മാരനും വേണം കേന്ദ്രമന്ത്രി പദവി. മകൾ കനിമൊഴിയാ കട്ടെ മെച്ചപ്പെട്ട വകുപ്പോടെ മന്ത്രിസഭ യിലുണ്ടാവണമെന്നതും വത്സല പിതാ വിന്റെ അന്ത്യാഭിലാഷം!

**കോടീശ്വരന്മാരും മക്കൾ രാഷ്ട്രീയ ക്കാരും ക്രിമിനലുകളും ചേർന്ന് രൂപപ്പെടുത്തിയ പാർലമെന്റ് ഇന്ത്യാ മഹാരാജ്യത്തെ ഐശ്വര്യപൂർണ മായ സ്വർഗരാജ്യമാക്കാൻ പോവു ന്നു! നമ്മുടെ ജനാധിപത്യം വിജയി ക്കുകതന്നെയാണ്, സംശയമെന്ത്?**

ജനാധിപത്യത്തിനേറ്റ ഈ അപച യത്തിന് വല്ല പോരായ്മയും ബാക്കിയു ണ്ടെങ്കിൽ അത് നികത്താൻ 73 കൊടും ക്രിമിനലുകളടക്കം 150 കുറ്റാരോപിതർ ലോക്സഭയിലെത്തിയിട്ടുണ്ട്. ബി.ജെ.പി ടിക്കറ്റിൽ 42 പേർ പരമോന്നത നിയമ നിർമാണവേദിയിലെത്തിയപ്പോൾ 41 ക്രിമി നലുകളുമായി തൊട്ടുപിറകെ കോൺഗ്ര സ്സുമുണ്ട്. അങ്ങനെ കോടീശ്വരന്മാരും മക്കൾ രാഷ്ട്രീയക്കാരും ക്രിമിനലുകളും ചേർന്ന് രൂപപ്പെടുത്തിയ പാർലമെന്റ് ഇന്ത്യാ മഹാരാജ്യത്തെ ഐശ്വര്യപൂർണ മായ സ്വർഗരാജ്യമാക്കാൻ പോവുന്നു! നമ്മുടെ ജനാധിപത്യം വിജയിക്കുകത ന്നെയാണ്, സംശയമെന്ത്? ■